# സ്തുതിച്ചീടാം സ്തുതിച്ചീടാം

സ്തുതിച്ചീടാം സ്തുതിച്ചീടാം യേശുനാഥനേ
വന്ദിച്ചീടാം വന്ദിച്ചീടാം തിരുപാദത്തെ
ആരാധിക്കാം ആരാധിക്കാം ആത്മനാഥനേ
ആത്മാവിലും സത്യത്തിലും ആരാധിച്ചീടാം

പാപച്ചേറ്റിൽനിന്നു നമ്മെ വീണ്ടെടുത്തല്ലോ
പാദങ്ങളെ പാറമേൽ ഉറപ്പിച്ചുവല്ലോ
സാറാഫുകൾ മുഖം മറച്ചാരാധിക്കുമ്പോൾ
പൊൻമുഖം കണ്ടാരാധിപ്പാൻ കൃപ തന്നല്ലോ

കഷ്ടതകളൊന്നിനുമേൽ ഒന്നായ് വന്നപ്പോൾ
കൃപമേൽ കൃപ പകർന്നു നടത്തിയല്ലോ
കണ്ണീർതൂകും വേളയിൽ അടുത്തു വന്നല്ലോ
മാറോടണച്ചാശ്വാസവും പകർന്നുവല്ലോ

ദിനംതോറും വേണ്ടും നന്മയെല്ലാം തന്നല്ലോ
ആവശ്യങ്ങളൊന്നുമേ മുടക്കിയില്ലല്ലോ
ലോകാവസാനംവരേയും കൂടെയുണ്ടെന്ന
മാറിടാത്ത വാഗ്ദത്തവും തന്നിട്ടുണ്ടല്ലോ

വാസസ്ഥലം ഒരുക്കുവാനായി പോയപ്പോൾ
എത്രയും വേഗം വരാമെന്നുരചെയ്തല്ലോ
ഏതുനേരത്തും കാഹളം ധ്വനിക്കുമല്ലോ
നാമൊരുമിച്ചുയർന്നങ്ങു പോയീടുമല്ലോ

---------------------------------------------